**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേയുടെ നിലവിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ നടക്കുന്നതെന്നും ഡിജിറ്റൽ സർവ്വേയുടെ നിലവിലെ പുരോഗതിയെന്തെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ നടന്ന 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ പൂർത്തീകരിച്ച് സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ സർവ്വെ ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്. |
| (ബി) | എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തികരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് ലഭ്യമായ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലുമാണ്. |
| (സി) | കൂടുതൽ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | 2022 നവംബർ 1 ന് തുടക്കം കുറിച്ച ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ